വ്യവസായം, ടെക്സ്റ്റൈൽസ്, കയർ വ്യവസായം, കശുവണ്ടി, ബീഡി-സിഗാർ, കള്ളുചെത്ത്, കക്കാട് ജലസേചന വൈദ്യുതി പദ്ധതി, കുട്ടനാട്-പാലക്കാട് കാർഷികമേഖല, മദ്യം, ഓട്, മോട്ടോർ വ്യവസായം, ടിംബർ, പ്ലൈവുഡ്, പൊതുവിതരണം തുടങ്ങിയ വിവിധ തൊഴിൽ മേഖലകളിൽ തൊഴിലാളി തൊഴിലുടമ പ്രതിനിധികളടങ്ങുന്ന വ്യവസായ ബന്ധ സമിതികളും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

(ഡി)&(ഇ) ഉണ്ട്. 1997-98-ൽ 5455-ഉം 1998-99-ൽ 5309-ഉം 1999 ഏപ്രിൽ മുതൽ ജൂൺ വരെ 1181 വ്യവസായ തർക്കങ്ങളും ഉണ്ടായിട്ടുണ്ട്.

(എഫ്) പ്രത്യേക പഠനം ഒന്നും നടത്തിയിട്ടില്ല.

(ജി) 1997-98-ൽ 711229 തൊഴിൽ ദിനങ്ങളും 1998-99-ൽ 1090642 തൊഴിൽ ദിനങ്ങളും 1999 ഏപ്രിൽ മുതൽ നവംബർ വരെ 1924297 തൊഴിൽ ദിനങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് ലേബർ കമ്മിഷണറുടെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം കണക്കാക്കിയിട്ടുണ്ട്.

(എച്ച്)&(ഐ) ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ തൃപ്തികരമാണ്. അതുകൊണ്ട് പ്രത്യേക മുൻകരുതൽ നടപടികളുടെ ആവശ്യമുണ്ടെന്നു തോന്നിയിട്ടില്ല.

## ഈറ്റതൊഴിലാളികളുടെ പ്രശ്നങ്ങൾ

6 (*565) ശ്രീ. എ.കെ. മണി :
ശ്രീ. പാലോട് രവി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഈറ്റതൊഴിലാളികൾ എപ്പോഴെങ്കിലും ബാംബൂ കോർപ്പറേഷൻ ആഫീസ് പിക്കറ്റ് ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചാണ് അവർ ഈ പിക്കറ്റിംഗ് നടത്തിയത്;

(സി) ബാംബൂ കോർപ്പറേഷനിലും കേരള ഈറ്റതൊഴിലാളി ക്ഷേമനിധി ബോർഡിലും പരമ്പരാഗത ഈറ്റതൊഴിലാളികൾക്കും അവരുടെ മക്കൾക്കും നിയമനം നൽകുന്നതിനുള്ള തടസ്സമെന്താണ്;

(ഡി) ഈറ്റതൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലാത്തപക്ഷം അതിനുള്ള ബുദ്ധിമുട്ടെന്തെന്നു വിശദീകരിക്കുമോ;

(ഇ) ഈറ്റതൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) പരമ്പരാഗത ഈറ്റതൊഴിലാളികൾക്ക് സൗജന്യനിരക്കിൽ ഈറ്റ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പനമ്പു വില വർദ്ധിപ്പിക്കുക, ഈറ്റ വില കുറയ്ക്കുക, ഗുണ നിലവാരമുള്ള ഈറ്റ വിതരണം നടത്തുക, ഡയറക്ടർ ബോർഡിൽ ഈറ്റ തൊഴിലാളി പ്രാതിനിധ്യം ഉറപ്പാക്കുക, ബാംബു ബോർഡ് ഫാക്ടറിയിൽ ഈറ്റതൊഴിലാളികളെ നിയമിക്കുക, ഈറ്റതൊഴിലാളി ക്ഷേമനിധി ബോർഡിൽ ദളിതരെ ഉൾപ്പെടുത്തുക, തൊഴിലാളികൾക്ക് പി.എഫ്., ഇ.എസ്. ഐ., എൽ.ഐ.സി. ആനുകൂല്യങ്ങൾ അനുവദിക്കുക, കാട്ടാക്കട ഒരു സബ് ഡിപ്പോ തുറക്കുക, ഈറ്റ വിതരണകേന്ദ്രം തുടങ്ങുക, ഈറ്റയുടെ ഡെസ്പാച്ച് കോപ്പി ഡിപ്പോയിൽ പ്രദർശിപ്പിക്കുക, കെട്ടുകളിൽ കുറവുള്ള ഈറ്റയ്ക്ക് പകരം ഈറ്റ നൽകുക, പ്രസവാനുകൂല്യം നൽകുക വിതരണ സയമത്തു തന്നെ ഗ്രേഡ് തിരിച്ച് ഈറ്റവില പാസ് ബുക്കിൽ രേഖപ്പെടുത്തുക, ഒറ്റശേഖര മംഗലം ഡിപ്പായിൽ എല്ലാ ദിവസവും പനമ്പു ശേഖരിക്കുക തുടങ്ങിയ ആവ ശ്യങ്ങൾ ഉന്നയിച്ചാണ് പിക്കറ്റിംഗ് നടത്തിയത്.

(സി) സംസ്ഥാന ബാംബു കോർപ്പറേഷനിലെ നിയമനം പി.എസ്. സി.യ്ക്കു വിട്ടിട്ടുള്ളതാണ് പി.എസ്.സി. വഴി അല്ലാതെയുള്ള നിയമനങ്ങളിൽ ഈറ്റ പനമ്പുമേഖലയിലെ തൊഴിലാളികൾക്കും മക്കൾക്കും പ്രത്യേക പരിഗ ണന നൽകുന്നുണ്ട്. 1999 ഡിസംബർ മാസത്തിൽ രൂപീകരിച്ച ഈറ്റ, കാട്ടുവ ള്ളി, തഴ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിക്കാൻ തുടങ്ങുന്നതേ യുള്ളൂ.

(ഡി)&(ഇ) ഈറ്റതൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. ആനുകൂല്യം നൽകിയിട്ടില്ല. ഇവ ഏറ്റെടുക്കുന്നതിന് ഇപ്പോഴത്തെ നിലയിൽ കോർപ്പറേഷന് കഴിവില്ല.

(എഫ്)പരമ്പരാഗത ഈറ്റതൊഴിലാളികൾക്ക് സൗജന്യ നിരക്കിൽ ആണ് ഈറ്റ നൽകുന്നത്.

## തിരുവനന്തപുരം ടൈറ്റാനിയം ഫാക്ടറിയിൽ ട്രീറ്റ്മെന്റ് പ്ലാന്റ്

**7 (*566)** ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടൈറ്റാനിയം ഫാക്ടറിയിൽ നിന്നും പുറന്ത ള്ളപ്പെടുന്ന മലിനവസ്തുക്കൾ കാരണം പരിസ്ഥിതി മലിനീകരണം സംഭവി ക്കുന്നുവെന്ന പരാതി സംബന്ധിച്ച് സർക്കാർ ഇതുവരെ എന്തൊക്കെ നടപടി കൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാമെന്ന് ഫാക്ടറി ഉറപ്പു നൽകിയിട്ടുണ്ടോ; എങ്കിൽ ഇതു സ്ഥാപിക്കാത്തതിന്റെ കാരണം വ്യക്തമാ ക്കുമോ;

(സി) പരിസ്ഥിതി പ്രശ്നം കാരണം നാട്ടുകാർ ഫാക്ടറിയിൽ നിന്നും മലിനജലം തള്ളുന്ന ഓടകൾ അടച്ചതായി സർക്കാരിന് വിവരം ലഭിച്ചി ട്ടുണ്ടോ;

(ഡി) ഇക്കാരണത്താൽ ഫാക്ടറി പ്രവർത്തനം നിർത്തുകയോ ഉൽപ്പാദനം കുറയ്ക്കുകയോ ചെയ്തിട്ടുണ്ടോ; ഇതുമൂലം എന്തു നഷ്ടം സംഭ വിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ട്രീറ്റ്മെന്റ് പ്ലാന്റ് എന്നത്തേയ്ക്ക് സ്ഥാപിക്കുവാനാണ് ഉദ്ദേശി ക്കുന്നത്?

1163/2010.

LIBRARY ARCHIVES Kerala Legislative Assembly